# ഭാരതപ്പുഴ
## ചരിത്രം, വർത്തമാനം
# അതിജീവനം

ഡോ. സതീഷ്ചന്ദ്രൻ നായർ


(കഴിഞ്ഞലക്കം തുടർച്ച)

ഭാരതപ്പുഴത്തടത്തിലെ വാളയാർ, മലമ്പുഴ, കാഞ്ഞിരപ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം അണക്കെട്ടുകൾ ചുരത്തിനിരുപുറവുമുള്ള പശ്ചിമഘട്ടത്തിന്റെ ചെങ്കുത്തായ ചരിവുകൾക്ക് തൊട്ടുതാഴെയുള്ള ജലസേചന അണക്കെട്ടുകളാണ്. ഈ അണക്കെട്ടുകളിൽ ജലമെത്തിക്കുന്നത് കാടുകൾ നിലനിർത്തിയിരുന്ന, തുടർച്ചയായി നീർവാർച്ചയുണ്ടായിരുന്ന ചെറുപുഴകളാണ്. എന്നാൽ അണക്കെട്ടു നിർമ്മാണത്തിനൊപ്പം ഈ എല്ലാ അണക്കെട്ടുകളുടെയും ജലസംഭരണപ്രദേശത്തുള്ള കാടുകൾക്ക് നാശമുണ്ടായി. കാഞ്ഞിരപ്പുഴയിലും ചുള്ളിയാറിലും മംഗലത്തിലും ഇന്ന് നൈസർഗ്ഗികവനങ്ങളേയില്ല. ഇന്ന് അണക്കെട്ടുകളിലേക്ക് മഴക്കാലത്ത് കുത്തിയൊലിക്കുന്ന നീർവാർട്ട മാത്രമേയുള്ളൂ. മണ്ണുവീണ് അണക്കെട്ടിന്റെ ജലസംഭരണശേഷി വളരെ കുറഞ്ഞു പോയിരിക്കുന്നു. ആണ്ടിൽ എട്ടൊമ്പതു മാസക്കാലം അണക്കെട്ടിനു താഴെ നദിയിൽ നീരൊലിപ്പേയില്ല. അത് നദിയെ ആശ്രയിച്ച കൃഷിയേയും ഭൂഗർഭജല സംഭരണത്തേയും പ്രാദേശികകാലാവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അണക്കെട്ടുകളുടെ പണി കഴിഞ്ഞ് ദശകങ്ങൾ പലതു കഴിഞ്ഞിട്ടും ഇന്നും നാം ജലസംഭരണപ്രദേശം (Catchment area) സംരക്ഷിക്കാൻ ഭൂവിനിയോഗരീതികളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനോ ക്ഷയിച്ച വനങ്ങളെ പുനഃസ്ഥാപിക്കാനോ ഒന്നും ചെയ്തിട്ടില്ല.

അണക്കെട്ടു കനാലുകളിലൂടെ ജലസേചനവെള്ളവും കുടിവെള്ളവിതരണ പദ്ധതികളുടെ പൈപ്പുകളിൽ വീടുകളിൽ കുടിവെള്ളവുമെത്തിയതോടെ പൊതുസമ്പത്തായ പാരമ്പര്യ ശുദ്ധജലസ്രോതസ്സുകൾ അവഗണിക്കപ്പെട്ടു. സ്വകാര്യ ഭൂമികളിലും പൊതുഭൂമികളിലും കിണറുകളും കുളങ്ങളും നികത്തുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്ന പ്രവണത വർദ്ധിച്ചു. യാന്ത്രികസംവിധാനങ്ങളിലൂടെ ജലവിതരണ ചുമതല മാത്രം ഏതെങ്കിലുമൊരു സർക്കാർ വകുപ്പിന്റേതായി, ആഴത്തിലുള്ള കുഴൽക്കിണറുകൾ വർദ്ധിക്കുന്നതോടെ ജലവിതരണത്തിനു വേണ്ടുന്ന ഊർജ്ജാവശ്യം കൂടിക്കൊണ്ടേയിരിക്കുന്നു. ആഴത്തിലുള്ള ജലസ്രോതസ്സുകളിലെ ലവണാംശം കൂടിയ വെള്ളം പൊതുവിതരണത്തിൽ കുടിവെള്ളമായി എത്തുന്നത് ആരോഗ്യപ്രശ്നങ്ങൾക്കും മണ്ണിന്റെ ഉപരിതലത്തിലെ രാസസ്വഭാവമാറ്റങ്ങൾക്കും കാരണമാവുന്നു.

വറ്റുന്ന നദിക്കു കുറുകെ ചെക്ക് ഡാമുകൾ നിർമ്മിക്കുക ജലക്ഷാമത്തിന് പരിഹാരമായി നടപ്പിലാക്കാൻ താരതമ്യേന എളുപ്പമായി തോന്നുന്നതുകൊണ്ട് കഴിഞ്ഞ പത്തുവർഷമായി കേരളത്തിലെ മറ്റേതു പുഴയിലും നിർമ്മിച്ചതിനേക്കാളും കൂടുതൽ ചെക്ക് ഡാമുകൾ ഭാരതപ്പുഴക്കു കുറുകെ ഉയർന്നിട്ടുണ്ട്. പ്രശ്നപരിഹാരപ്രവർത്തനം പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ടോ എന്ന വിലയിരുത്തൽ ഇവിടെ ഇപ്പോൾ ആവശ്യമാണ്. ഒപ്പം ജലദൗർലഭ്യതയ്ക്ക് ശാശ്വതപരിഹാരമായി, പുഴയുടെ സ്ഥായിയായ പുനരുജ്ജീവനത്തിന് വേണ്ടുന്ന പ്രവർത്തനങ്ങളെ കുറിച്ചാണ് മൂന്നാം ഗ്രൂപ്പ് വിശദമായി അന്വേഷിക്കേണ്ടത്.

ചാലക്കുടിപ്പുഴക്കും പെരിയാറിനുമൊപ്പം ഭാരതപ്പുഴ അന്തർസംസ്ഥാന നദീജല തർക്കങ്ങളിൽ പെട്ട പുഴയാണ്. ചിറ്റൂർപുഴയുടെ തലപ്പത്ത് ആനമലക്കുന്നുകളുടെ കിഴക്കൻ ചരിവിൽ തിരുമൂർത്തിയിലും ആലിയാറിലും ഉള്ള അണക്കെട്ടുകളിൽ പടിഞ്ഞാറേക്കൊഴുകേണ്ട ഭാരതപ്പുഴയിലെ വെള്ളവും പറമ്പിക്കുളത്തു നിന്ന് തിരിച്ചു കൊണ്ടുവരുന്ന ചാലക്കുടിപ്പുഴയിലേയും പെരിയാറിലേയും വെള്ളവും കിഴക്കോട്ട് ജലസേചനത്തിന് തമിഴ്നാട്ടിൽ ഉപയോഗിപ്പെടുത്തുന്നു. ഇതു കാരണം കുടിജലക്ഷാമം നേരിടുന്ന ചിറ്റൂർ താലൂക്കിൽ തൊട്ടു തെക്കുള്ള ചാലക്കുടിപ്പുഴയുടെ അണക്കെട്ടില്ലാത്ത പോഷകനദിയായ കാരപ്പാറപ്പുഴയിലും വറ്റിക്കഴിഞ്ഞ കുരിയാർകുറ്റി ആറിലും അണക്കെട്ടുകൾ കെട്ടി ഭാരതപ്പുഴത്തടത്തിൽ വെള്ളമെത്തിക്കണമെന്ന ആശയം കുറേക്കാലമായി നിലനിൽക്കുന്നു. ഒപ്പം ചാലക്കുടിപ്പുഴയിൽ താഴെ വേണ്ടത്ര വെള്ളമില്ലെന്ന യാഥാർത്ഥ്യവും. ഭാരതപ്പുഴത്തടത്തിനു വടക്കുകിഴക്കായി അട്ടപ്പാടിയിലൂടെ ഒഴുകുന്ന ഭവാനിയിൽ നിന്ന് കാവേരി ട്രിബ്യൂണലിന്റെ തീർപ്പനുസരിച്ച് കേരളത്തിന്റെ വിഹിതമായ വെള്ളം പടിഞ്ഞാറേയ്ക്ക്



**ഭാരതപ്പുഴയുടെ പോഷകനദിയായ തൂതപ്പുഴയുടെ കൈവഴിയായ കുന്തിപ്പുഴയിൽ പാത്രക്കടവ് എന്ന സ്ഥലത്ത് വിദ്യുച്ഛക്തി ഉൽപാദനത്തിനുള്ള ഒരണക്കെട്ടു നിർമ്മിക്കാനുള്ള ഏറെ വിവാദം സൃഷ്ടിച്ചൊരു പദ്ധതി നിർദ്ദേശം ഇന്നും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനൊക്കെപ്പുറമെയാണ് മീൻവല്ലം പോലുള്ള ചില ചെറുകിട ജലവൈദ്യുത പദ്ധതികൾ.**

തിരിച്ച് ഭാരതപ്പുഴയുടെ പോഷകനദിയായ തൂതപ്പുഴത്തലപ്പത്തെ നെല്ലിപ്പുഴയിലെത്തിക്കാനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. കേരളത്തിലെ ഭവാനീതടം അതിരൂക്ഷമായ ജലക്ഷാമമുള്ള അട്ടപ്പാടിമേഖലയാണെന്നതും അവിടത്തെ ഏറ്റവും പ്രധാന ജലസ്രോതസ്സ് തലപ്പത്ത് നീലഗിരിയിൽ അണകെട്ടി തിരിച്ചു വിട്ടു കഴിഞ്ഞ് ശോഷിച്ച ഭവാനിയാണെന്നതും യാഥാർത്ഥ്യമാണ്. ഭാരതപ്പുഴയുടെ പോഷകനദിയായ തൂതാപ്പുഴയുടെ കൈവഴിയായ കുന്തിപ്പുഴയിൽ പാത്രക്കടവ് എന്ന സ്ഥലത്ത് വിദ്യുച്ഛക്തി ഉൽപാദനത്തിനുള്ള ഒരണക്കെട്ടു നിർമ്മിക്കാനുള്ള ഏറെ വിവാദം സൃഷ്ടിച്ചൊരു പദ്ധതി നിർദ്ദേശം ഇന്നും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനൊക്കെപ്പുറമെയാണ് മീൻവല്ലം പോലുള്ള ചില ചെറുകിട ജലവൈദ്യുത പദ്ധതികൾ.

പുഴയുടെ പുനരുജ്ജീവനത്തിനുള്ള വിചിന്തനത്തിൽ നിലവിലുള്ള അണക്കെട്ടുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളും അവ മൊത്തം ഭാരതപ്പുഴത്തടത്തിൽ വരുത്തിയ മാറ്റങ്ങളും വിലയിരുത്തേണ്ടതുണ്ട്. നിർദ്ദിഷ്ട പദ്ധതികളുടെ പ്രയോജനങ്ങളെയും പ്രത്യാഘാതങ്ങളേയും കണക്കിലെടുക്കുമ്പോൾ പുഴയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചും അതിന്റെ മൊത്തം ആരോഗ്യം വീണ്ടെടുക്കുന്നതിനെ കുറിച്ചും കൂടി നാം ചിന്തിക്കണം.

നഗരവൽക്കരണം, മലിനീകരണം, ഊർജ്ജോപയോഗം ഇവ ഭാരതപ്പുഴയെ എങ്ങനെ ബാധിക്കുന്നുവെന്നതും ഈ നദീതടത്തിലെ ആരോഗ്യപ്രശ്നങ്ങളുമാണ് നാലാം ഗ്രൂപ്പിന്റെ ചർച്ചാവിഷയം.

ഭൂവിനിയോഗരീതികളും അതിനു വരുന്ന മാറ്റങ്ങളും ഭാരതപ്പുഴസംരക്ഷണവുമെന്ന ചർച്ചാവിഷയത്തിൽ കൃഷിഭൂമികളും വനഭൂമികളും മാത്രമല്ല നിർമ്മാപ്രവർത്തനംകൊണ്ട് മനുഷ്യൻ വളരെക്കൂടുതൽ മാറ്റിമറിച്ച പ്രദേശങ്ങളും പെടും. പരിഷ്കൃതജീവിതത്തിന്റെ ഉയരുന്ന മതിലുകൾക്കൊപ്പം വളരുന്ന ഊർജ്ജോപയോഗവും ഒപ്പം വ്യാപിക്കുന്ന മലിനീകരണവുമുണ്ടാവും. ഇവയൊക്കെ ഭൂമിയുടേയും മനുഷ്യന്റേയും ആരോഗ്യത്തെ പലതരത്തിൽ ബാധിക്കും.

കിഴക്കോട്ടു തുറന്നുകിടക്കുന്ന നിമ്നോന്നതികളില്ലാത്ത പാലക്കാടൻ സമതലങ്ങൾ ഗതാഗതത്തിന് സൗകര്യമുള്ള പ്രദേശമാണ്. കിഴക്ക് തമിഴ്നാടൻ സമതലങ്ങളുമായുള്ള വളരെ നീണ്ടകാലത്തെ സാംസ്കാരിക-വ്യാപര ബന്ധങ്ങളും പഴയ കൊങ്ങുനാടിന്റേയും ചേർന്നുള്ള പാലക്കാടിന്റെയും കാർഷികസമ്പന്നതയും ഈ പ്രദേശത്തു കൂടിയുള്ള ഗതാഗത മാർഗ്ഗങ്ങൾ സന്ധിക്കുന്നയിടങ്ങളിലൊക്കെ വാണിജ്യകേന്ദ്രങ്ങളെ വളർത്തി. ബ്രിട്ടീഷുകാരുടെ വരവോടെ തമിഴ്നാടൻ സമതലങ്ങളും മലബാർതീരവുമായി ബന്ധപ്പെടുത്താൻ ഏറ്റവുമെളുപ്പമുള്ള പാലക്കാട് ചുരം തീവണ്ടിപ്പാതകളും റോഡുകളും സന്ധിക്കുന്ന ഇടവുമായി. കൽപ്പാത്തി സാംസ്കാരിക കേന്ദ്രമായി ഏറെക്കാലം നിലനിന്നിട്ടാണ് തൊട്ടടുത്ത ഒലവക്കോട് റെയിൽവേ ജംഘ്ഷനായി വളർന്നുവന്നത്. കൊല്ലങ്കോട് ഭരണതലസ്ഥാനമായിരുന്നു. തോട്ടമേഖലയായ നെല്ലിയാമ്പതിക്കുള്ള റോഡ് നെന്മാറ നിന്ന് ചുരം കയറി നീണ്ടതു കൊണ്ട് പിന്നെ നെന്മാറയും പട്ടണമായി.

(ജൂൺ 6, 7 തീയതികളിൽ തൃശൂർ കിലയിൽ നടന്ന ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനായുള്ള ജനകീയ കൂട്ടായ്മയിൽ ഗ്രൂപ്പ് ചർച്ചയ്ക്കായി അവതരിപ്പിച്ച സമീപനരേഖ.)

(തുടരും)

*പി.ബി. – 2230, തിരുവനന്തപുരം – 10*

**പുസ്തകം ഇറങ്ങുന്നു**

**അതിരപ്പിള്ളി, ചാലക്കുടിപ്പുഴ**

പഠനം, നിരീക്ഷണം, അനുഭവം, ഓർമ്മ, യാത്ര, ഫോട്ടോകൾ, പെയിന്റിങ്ങ്, സ്കെച്ച്, കവിതകൾ..... വൈകാതെ പ്രതീക്ഷിക്കുക.
താങ്കൾക്കും പങ്കുചേരാം. എഴുതുക:
**കേരളീയം പുസ്തകശാല,**
കൊക്കാലെ, തൃശൂർ-21

**ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്**

ആകർഷകമായ ശമ്പളം. ഉടൻ
**ബന്ധപ്പെടുക : 9446576943**
കേരളീയം,
കൊക്കാലെ, തൃശൂർ-21